## മഴക്കാല രോഗനിവാരണം സുഗന്ധവിളകളിൽ

സുഗന്ധവ്യഞ്ജനകൃഷിക്ക് ഏറെ അനുയോജ്യമായ സമയമാണ് മഴക്കാലം. എന്നിരുന്നാലും, വിവിധ രോഗനിയന്ത്രണ മാർഗ്ഗങ്ങൾ ശുപാർശയനുസരിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുവാനും കൂടാതെ, രോഗലക്ഷണങ്ങൾ കൃത്യമായി നിരീക്ഷിച്ച് പ്രതിവിധികൾ കാലവിളംബം കൂടാതെ നടപ്പിലാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. സുഗന്ധവ്യഞ്ജനങ്ങളിലെ പ്രമുഖരായ കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, ജാതി എന്നീ വിളകൾക്ക് എക്കാലവും ഭീഷണിയുയർത്തുന്നവയാണ് മഴക്കാലരോഗങ്ങൾ.

നടീൽ വസ്തുക്കൾ, മണ്ണ്, ജലം, കാറ്റ്, പണിയായുധങ്ങൾ എന്നീ മാധ്യമങ്ങളിലൂടെ വിന്യസിക്കപ്പെടുന്ന നിരവധി രോഗങ്ങളെ രൂക്ഷമാക്കാൻ മഴക്കാലത്ത് അനുഭവപ്പെടുന്ന അന്തരീക്ഷ ഈർപ്പവും ആർദ്രതയും സഹായിക്കുന്നു.

കുരുമുളക്, ഏലം, ജാതി എന്നിവയിൽ "ഫൈറ്റോഫ്ത്തോറ" മൂലമുണ്ടാകുന്ന ദ്രുതവാട്ടം, അഴുകൽ, കായ്പൊഴിച്ചിൽ രോഗങ്ങളെ ഫലപ്രദമായി നിയന്ത്രിക്കുവാൻ സസ്യശുചിത്വ നടപടിയുടെ ഭാഗമായി രോഗം ബാധിച്ച് നശിച്ച സസ്യങ്ങളും സസ്യഭാഗങ്ങളും തോട്ടങ്ങളിൽ നിന്നും പൂർണ്ണമായി നീക്കം ചെയ്ത് നശിപ്പിക്കേണ്ടതാണ്. കൂടാതെ തോട്ടങ്ങളിൽ നീർവാർച്ചാ സൗകര്യം ഉറപ്പാക്കേണ്ടതുമുണ്ട്.

സ്ഥിരമായി രോഗബാധ കണ്ടുവരുന്ന പ്രദേശങ്ങളിൽ ഇലകൾ, കായ്കൾ എന്നിവയുടെ സംരക്ഷണത്തിന് മേയ്-ജൂൺ, ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിയ്ക്കുവാൻ ശ്രദ്ധിക്കണം. കൂടാതെ അതാത് വിളകളിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മെറ്റലാക്സിൽ-മാങ്കോസെബോ (0.125%), പൊട്ടാസ്യം ഫോസ്ഫോണേറ്റോ (0.3%) ഉപയോഗിച്ച് ഫൈറ്റോഫ്ത്തോറ മൂലമുണ്ടാകുന്ന രോഗങ്ങളെ ചെറുക്കാവുന്നതാണ്. കുരുമുളകിലും ഇഞ്ചിയിലും മണ്ണിലൂടെയുള്ള രോഗവിന്യാസം തടയുവാൻ വാരങ്ങൾ കോപ്പർ ഓക്സിക്ലോറൈഡ് (0.2%) അല്ലെങ്കിൽ മെറ്റലാക്സിൽ-മാങ്കോസെബ് (0.125%) ലായനി ഉപയോഗിച്ച് കുതിർക്കേണ്ടതാണ്.

മഴക്കാലത്ത് ഏലം, ഇഞ്ചി, മഞ്ഞൾ തുടങ്ങിയവയിൽ പരക്കെ കാണപ്പെടുന്ന തട്ടയഴുകൽ, മൂട്/മൃദുചീയൽ എന്നിവയാണ് 'പിത്തിയം' മൂലമുണ്ടാകുന്ന പ്രധാനരോഗങ്ങൾ.

ഇഞ്ചിയിലും മഞ്ഞളിലും രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെട്ടാലുടൻ രോഗബാധയേറ്റ ചെടികൾ പിഴുതുമാറ്റി നശിപ്പിക്കുകയും വാരങ്ങൾ മാങ്കോസെബ് ലായനി (0.3%) ഒഴിച്ച് കുതിർക്കേണ്ടതുമാണ്. രോഗനിർമാർജ്ജനത്തിന്റെ ഭാഗമായി നീർവാർച്ചാ സൗകര്യം ഉറപ്പാക്കണം. മേൽപ്പറഞ്ഞ രോഗങ്ങളെ ചെറുക്കുവാൻ മേയ്-ജൂൺ, ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ അതാത് വിളകളിലെ ശുപാർശയനുസരിച്ച് കോപ്പർ ഓക്സിക്ലോറൈഡോ (0.2%), മെറ്റലാക്സിൽ-മാങ്കോസെബോ (0.125%), പൊട്ടാസ്യം ഫോസ്ഫോണേറ്റോ (0.3%) ഉപയോഗിക്കാവുന്നതാണ്.

ഇഞ്ചിയിലെ ബാക്ടീരിയൽ വാട്ടം ലളിതമായ 'ഊസ് ടെസ്റ്റ്' നടത്തി രോഗസ്ഥിരീകരണത്തിന് ശേഷം രോഗബാധയേറ്റ ചെടികൾ പിഴുതുമാറ്റി നശിപ്പിക്കേണ്ടതും, വാരങ്ങളിൽ കോപ്പർ ഓക്സിക്ലോറൈഡ് (0.2%) ഒഴിക്കേണ്ടതുമാണ്.

കുരുമുളകിൽ, പൊതുവെ ഉയർന്നപ്രദേശങ്ങളിൽ കണ്ടുവരുന്ന കുമിൾ മൂലമുണ്ടാകുന്ന തിരികൊഴിച്ചിൽ നിയന്ത്രിക്കാൻ ബോർഡോ മിശ്രിതം (1%) അല്ലെങ്കിൽ കാർബെൻഡാസിം-മാങ്കോസെബ് (0.1%) ഇലകളിലും തിരികളിലും തളിച്ചാൽ മതിയാവും.